17335
5/8/17

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്- അനധികൃതമായി ജോലിക്കു ഹാജരാകാത്തതിനു സർവ്വീസിൽ നിന്നും പിരിച്ചുവിട്ട ശ്രീ.റ്റി.വി.ബേബി, ബീറ്റ് ഫോറസ്റ്റ് ഓഫീസറുടെ റിവ്യൂ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ(സാധാ)നം.291/2017/വനം തീയതി, തിരുവനന്തപുരം, 02.08.2017

പരാമർശം :
1) 18.05.2011 ലെ നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഇ 1-7785/10 നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
2) 24.11.2011 ലെ ശ്രീ.റ്റി.വി.ബേബിയുടെ പ്രതിവാദ പത്രിക
3) 28.10.2011 ലെ നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഇ 1-7785/10 നമ്പർ കാരണം കാണിക്കൽ നോട്ടീസ്
4) 12.10.2012 ലെ നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഇ 1-7785/10 നമ്പർ ഉത്തരവ്
5) 21.11.2016 ലെ കണ്ണൂർ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നോർത്തേൺ സർക്കിളിന്റെ കത്ത്
6) 12.01.2017 ൽ ശ്രീ.റ്റി.വി.ബേബി സർക്കാരിൽ സമർപ്പിച്ച റിവ്യൂ ഹർജി
7) 02.05.2017 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ന്റെ ബി1-3655/2017 നമ്പർ കത്ത്

<u>**ഉത്തരവ്**</u>

നോർത്ത് വയനാട് ഡിവിഷനിലെ ബേഗൂർ റെയിഞ്ചിലെ തലപ്പുഴ സ്റ്റേഷനിൽ ജോലി നോക്കി വരവെ ഫോറസ്റ്റ് ഗാർഡായ ശ്രീ.ടി.വി.ബേബി 04.03.2010 മുതൽ മുൻകൂർ അനുവാദം വാങ്ങുകയോ യഥാസമയം കൃത്യമായി അവധി അപേക്ഷകൾ സമർപ്പിക്കുകയോ ചെയ്യാതെ സർവ്വീസിൽ നിന്നും അനധികൃതമായി വിട്ടു നിന്നു. അതിനെതിരെ പരാമർശം (1) പ്രകാരം

കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകിക്കൊണ്ട് നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി. ടി കുറ്റപത്രത്തിനും കുറ്റാരോപണ പത്രികയ്ക്കും ടിയാൻ പരാമർശം (2) പ്രകാരം നൽകിയ മറുപടിയിൽ ടിയാന്റെ ശാരീരിക അവസ്ഥയും കുടുംബാവസ്ഥയും പരിഗണിച്ചുകൊണ്ട് ടിയാന് വോളന്ററി റിട്ടയർമെന്റ് നൽകി പിരിഞ്ഞു പോകുവാൻ അനുവദിക്കണമെന്ന് അപേക്ഷിച്ചിരുന്നു.

2. ടിയാൻ സമർപ്പിച്ച വിശദീകരണം കണക്കിലെടുത്തുകൊണ്ട് 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾക്ക് വിധേയമായി ടിയാനെ 04.03.2010 പ്രാബല്യത്തിൽ നിർബന്ധിത പെൻഷൻ നൽകി സർവ്വീസിൽ നിന്നും പിരിച്ചു വിടുവാനും 03.03.2010 വരെയുള്ള യോഗ്യമായ സർവ്വീസിന് കേരള സർവ്വീസ് റൂൾ പാർട്ട് 3 ലെ പെൻഷൻ ചട്ടങ്ങൾക്ക് വിധേയമായി അർഹതപ്പെട്ട പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കാനും താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ടിയാന് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

3. ടി കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ നൽകിയ മറുപടി തൃപ്തികരമല്ലായെന്നു കണ്ടെത്തിയതിനെത്തുടർന്ന് 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും. നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾക്ക് വിധേയമായി ടിയാനെ 04.03.2010 പ്രാബല്യത്തിൽ നിർബന്ധിത പെൻഷൻ നൽകി സർവ്വീസിൽ നിന്നും പിരിച്ചു വിട്ടുകൊണ്ടും 04.03.2010 വരെയുള്ള യോഗ്യമായ സർവ്വീസിന് കേരള സർവ്വീസ് റൂൾ പാർട്ട് 3 ലെ പെൻഷൻ ചട്ടങ്ങൾക്ക് വിധേയമായി അർഹതപ്പെട്ട പെൻഷൻ അനുവദിക്കാനും തീരുമാനിച്ചുകൊണ്ടും പരാമർശം (4) പ്രകാരം നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഉത്തരവാകുകയുണ്ടായി.

4. ഈ ഉത്തരവിനെതിരെ സമർപ്പിച്ച അപ്പീൽ പരാതി പരാമർശം (5) പ്രകാരം നിരസിച്ചിരുന്നു. മേൽ ഉത്തരവുകൾക്കെതിരെ ശ്രീ.റ്റി.വി.ബേബി പരാമർശം (6) പ്രകാരം റിവ്യൂ ഹർജി സമർപ്പിച്ചിരുന്നു. റിവ്യൂ ഹർജിയിൽ ടിയാൻ ഇപ്രകാരം വാദിച്ചിരുന്നു. ജോലിക്കിടയിൽ പറ്റിയ പരിക്കിനുള്ള ചികിത്സക്ക് അവധി അനുവദിക്കാത്തതും മുൻ അവധികൾ ക്രമീകരിക്കാത്തതും ടിയാന് ഏറെ മാനോവിഷമം ഉണ്ടാക്കിയിരുന്നു. അതിനാൽ ഒന്നുകിൽ ടിയാന് ലീവ് അനുവദിക്കണമെന്നും അല്ലെങ്കിൽ ടിയാന് അർഹമാണെങ്കിൽ വോളന്ററി

റിവ്യൂ പ്രകാരം കാലതാമസം മാപ്പാക്കി റിവ്യൂ ഹർജിയായി പരിഗണിക്കണമെന്നും, ടി ഹർജിയിന്മേൽ നടപടി സ്വീകരിക്കുമ്പോൾ ചുവടെ ചേർക്കുന്ന വസ്തുതകൾ കൂടി പരിഗണിക്കണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്.

- വോളന്ററി റിട്ടയർമെന്റിന് അപേക്ഷിച്ച ശ്രീ.ടി.വി.ബേബിക്ക് നിർബന്ധിത പെൻഷൻ നൽകിയ അന്തിമ ഉത്തരവ് ചട്ടങ്ങൾ അനുസരിച്ചല്ല. ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിച്ച കാലയളവിൽ ഒരു തവണ പോലും ടിയാനെ നേരിൽ കേൾക്കുവാൻ അവസരം നൽകിയിട്ടില്ല.
- 12.10.2012 ലെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഉത്തരവിനെതിരെ 09.11.2012 ന് ടിയാൻ ഉത്തരമേഖലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിനു നൽകിയ പരാതിയിൽ ജോലിയിൽ തുടരുവാൻ അനുവദിക്കണമെന്നുള്ള നിവേദനം ഒരു അപ്പീലിന്റെ സ്വഭാവമുള്ളതാണ്. ആയതിനാൽ അപ്പീൽ സമർപ്പിച്ചിട്ടില്ലായെന്ന വാദം തീർത്തും സാങ്കേതികം മാത്രമാണ്.

7. സർക്കാർ ഈ വിഷയം 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളുടെ വെളിച്ചത്തിൽ വിശദമായി പരിശോധിച്ചു. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നോർത്ത് വയനാടിന്റെ 12.10.2012 ലെ ഉത്തരവ് പ്രകാരം നിർബന്ധിത പെൻഷൻ നൽകി ശ്രീ.ടി.വി.ബേബിയെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ട നടപടി 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ അനുസരിച്ചുള്ളതല്ല. ശാരീരിക അവസ്ഥയും കുടുംബാവസ്ഥയും പരിഗണിച്ചുകൊണ്ട് വോളന്ററി റിട്ടയർമെന്റിന് അപേക്ഷ നൽകിയിരുന്നുവെങ്കിലും 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പാലിക്കാതെയാണ് അച്ചടക്ക നടപടി തീർപ്പാക്കിയിരിക്കുന്നത്.

8. 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ നടപടിക്രമങ്ങൾ കൃത്യമായും പാലിച്ചു കൊണ്ടല്ല ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തലത്തിൽ ശ്രീ.ടി.വി.ബേബി, ഫോറസ്റ്റ് ഗാർഡിനെതിരെ അച്ചടക്ക നടപടി തീർപ്പാക്കി, ടിയാനെ സർവ്വീസിൽ നിന്നും പിരിച്ചു വിട്ടുകൊണ്ട് പരാമർശം (4) ഉത്തരവായത്. അതിനാൽ 12.01.2017 ൽ ശ്രീ.ടി.വി.ബേബി സർക്കാരിന് സമർപ്പിച്ച ഹർജി

റിട്ടയർമെന്റ് അനുവദിക്കണമെന്നും ടിയാൻ ആവശ്യപ്പെട്ടു. 20 വർഷത്തെ സേവന ദൈർഘ്യം ടിയാനില്ലാത്തതിനാൽ വോളന്ററി റിട്ടയർമെന്റ് അപേക്ഷിച്ചാലും ആയത് അനുവദിക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ വോളന്ററി റിട്ടയർമെന്റ് അനുവദിക്കുകയില്ലായെന്നും അതിനാൽ ടിയാന് ലീവ് അനുവദിക്കുമെന്നുമാണ് കരുതിയതെന്നും, എന്നാൽ മേൽ ഉത്തരവുകൾ പ്രകാരം ടിയാന് നിർബന്ധിത പെൻഷൻ നൽകി പിരിച്ച് വിടുകയാണ് ചെയ്തതെന്നും, ടിയാൻ അറിയിച്ചിരിക്കുന്നു. മിനിമം പെൻഷന് 10 വർഷ സേവനം നിർബന്ധമാണ്. എന്നാൽ ടിയാന് വളരെ കുറഞ്ഞ സേവനകാലം മാത്രമേ ഉള്ളൂ. അതിനാൽ ഈ ഉത്തരവ് പ്രകാരം ടിയാന് മിനിമം പെൻഷന് പോലും അർഹതയില്ലായെന്നും, അർഹനാണെങ്കിൽ വോളന്ററി റിട്ടയർമെന്റ് മാത്രമാണ് അപേക്ഷിച്ചതെന്നും ഇത്തരത്തിലുള്ള പെൻഷൻ അനുവദിക്കുന്നതിന് അക്കൗണ്ടന്റ് ജനറലിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും, എന്നാൽ ടിയാന്റെ കാര്യത്തിൽ 20 വർഷ സേവനം ഇല്ലാത്തതിനാൽ ഈ അനുമതി പത്രം ലഭിക്കുകയില്ലായെന്നും ടിയാൻ പറയുന്നു. നിർബന്ധിത പെൻഷൻ നൽകി പിരിച്ചുവിടണമെന്ന് ടിയാൻ അപേക്ഷിച്ചിട്ടില്ല. ഔദ്യോഗിക കർത്തവ്യ നിർവ്വഹണത്തിനിടയിൽ പറ്റിയ പരിക്കിന് ചികിത്സയ്ക്കായി മാത്രമാണ് ലീവിനപേക്ഷിച്ചത്. ഈ ലീവ് അനുവദിക്കാതെ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം നൽകേണ്ട കടുത്തശിക്ഷയായ നിർബന്ധിത പെൻഷൻ നൽകിയത് സാമാന്യ നീതിയുടെ ലംഘനമാണ് എന്ന് ബോധിപ്പിച്ചിട്ടുണ്ട്. ജോലി ചെയ്തതുകൊണ്ടുണ്ടായ പരിക്കിനുള്ള ചികിത്സ സർക്കാർ തരേണ്ടതാണ് എന്നിരിക്കെ ആ ചികിത്സയ്ക്കുള്ള അവധിക്ക് പകരം, പിരിച്ചുവിടൽ എന്ന ശിക്ഷയിൽ നിന്നും ടിയാനെ ഒഴിവാക്കണമെന്നും സർവ്വീസിൽ നിന്നും വിട്ടു നിന്ന കാലം അർഹതപ്പെട്ട അവധിയായി പരിഗണിക്കണമെന്നും ജോലിയിൽ പുനഃപ്രവേശിക്കാനുള്ള അനുവാദം തരണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

5. റിവ്യൂ ഹർജിയിന്മേൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (7) പ്രകാരം അഭിപ്രായം ലഭ്യമാക്കി.

6. ശ്രീ.ടി.വി.ബേബി സർക്കാരിന് സമർപ്പിച്ച ഹർജി 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ

1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 35 പ്രകാരം, റിവ്യൂ ഹർജിയായി പരിഗണിച്ചുകൊണ്ട്, കൃത്യമായ നടപടി ക്രമങ്ങളിലൂടെയല്ലാതെ പുറപ്പെടുവിച്ച ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പരാമർശം (4) ലെ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടപ്രകാരമുള്ള നടപടിക്രമങ്ങളെല്ലാം പാലിച്ചു കൊണ്ട് ശ്രീ.റ്റി.വി.ബേബിക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കുന്നതിന് നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നിർദ്ദേശം നൽകി പ്രസ്തുത ശിക്ഷണാധികാരിക്ക് കേസ് തിരിച്ചയച്ചുകൊണ്ടും പരാമർശം (6) പ്രകാരം സമർപ്പിച്ച റിവ്യൂ ഹർജി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടോം ജോസ്

അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)
നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
ശ്രീ. റ്റി.വി.ബേബി, ബീറ്റ് ഫോറസ്റ്റ് ഓഫീസർ (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ